94 (674) റവന്യൂകാർഡ് വിതരണ ഉത്തരവ്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ കാർഡ് സമ്പ്രദായം നടപ്പിലാക്കി കൊണ്ടുള്ള ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ബി) കേരളത്തിലെ മുഴുവൻ അർഹതപ്പെട്ട കുടുംബങ്ങൾക്കും കാർഡ് വിതരണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) കുടുംബാംഗങ്ങളുമായി ബന്ധപ്പെട്ട ഏതെല്ലാം വിവരങ്ങളാണ് കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ളത്;

(ഡി) വരുമാനത്തിലും മറ്റുമുണ്ടാകുന്ന മാറ്റങ്ങൾ, യഥാവിധി രേഖപ്പെടുത്തുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കാർഡ് വിതരണത്തിന് ഈ സാമ്പത്തിക വർഷം എത്രരൂപ ചെലവഴിക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതോടൊപ്പം വച്ചിട്ടുണ്ട്.†

(ബി) രണ്ടായിരം ഡിസംബറിനകം അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും കാർഡ് വിതരണം ചെയ്യാമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) കുടുംബാംഗങ്ങളുടെ പേര്, വയസ്സ്, ജനനത്തീയതി, തൊഴിൽ, വരുമാനം, ജാതി, മതം, ഓരോരുത്തരുടേയും കൈവശത്തിലുള്ള ഭൂമി, കെട്ടിടം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ, ലഭിക്കുന്ന ആനുകൂല്യങ്ങൾ, ബാദ്ധ്യതകൾ തുടങ്ങി കുടുംബത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും റവന്യൂ കാർഡിൽ രേഖപ്പെടുത്തും.

(ഡി) റവന്യൂ കാർഡ് (ചട്ടം 8) പ്രകാരം കാർഡിലെ ഉൾക്കുറിപ്പുകളിൽ മാറ്റം വരുത്തുന്നതിനായി തഹസിൽദാർക്ക് അപേക്ഷ നൽകാനും അപേക്ഷ പരിശോധിച്ച് '30' ദിവസത്തിനകം തീരുമാനമെടുക്കാനും വ്യവസ്ഥയുണ്ട്.

(ഇ) റവന്യൂകാർഡ് വിതരണം പൈലറ്റ് പ്രോജക്ട് ആയി പറവൂർ താലൂക്കിൽ നടപ്പാക്കുന്നതിന് മൊത്തം 23,70,000/- രൂപ നൽകിയിട്ടുണ്ട്; പൈലറ്റ് പ്രോജക്ടിന്റെ ചിലവിന്റെ അടിസ്ഥാനത്തിലേ വിശദമായ ചെലവ് കണക്കാക്കാൻ കഴിയുകയുള്ളൂ.

95 (675) പെട്രോൾ/ഡീസൽ അളവുകളിലെ കൃത്രിമം

പ്രൊഫസർ എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ/ഡീസൽ പമ്പുകളിൽ നടക്കുന്ന പെട്രോൾ/ഡീസൽ അളവുകളിലെ കൃത്രിമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കൃത്രിമം കണ്ടുപിടിക്കുന്നതിൽ ലീഗൽ മെട്രോളജി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അളവിൽ കൃത്രിമം കാണിക്കുന്നതുകൂടാതെ മണ്ണെണ്ണ ചേർത്ത് പ്രസ്തുത ഇന്ധനങ്ങൾ വിൽക്കുന്നത് കണ്ടുപിടിക്കാൻ ലീഗൽ മെട്രോളജി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പെട്രോൾ/ഡീസൽ പമ്പുകളിൽ നടക്കുന്ന ഇത്തരം അനീതികൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ തക്കതായ നടപടി സ്വീകരിക്കുന്നതോടൊപ്പം ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്നത് ഒഴിവാക്കാൻ ശക്തമായ നടപടി സ്വീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ പമ്പുകളും ആന്ധ്രാ മോഡലിൽ സീൽ ചെയ്തിട്ടുണ്ട്. കൃത്യത ഉറപ്പുവരുത്തുന്നതിനായി ആവശ്യമുള്ള സീലുകൾ ഇടുന്നതിനും അസിസ്റ്റന്റ് കൺട്രോളർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡെപ്യൂട്ടി കൺട്രോളർ, ഫ്ളയിംഗ് സ്കാഡ് അസിസ്റ്റന്റ് കൺട്രോളർ എന്നിവരോട് ഓരോ മാസവും 10 പമ്പുകളെങ്കിലും പരിശോധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിജിലൻസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചും പരിശോധന നടത്തിവരുന്നു.

(സി) മണ്ണെണ്ണ ചേർക്കുന്നത് കണ്ടുപിടിച്ച് നടപടി സ്വീകരിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന് അധികാരമില്ല.

(ഡി) പെട്രോൾ/ഡീസൽ പമ്പുകളിലെ അനീതികൾക്ക് കൂട്ടുനിൽക്കുന്നവരുടെപേരിൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടാതിരിക്കാൻ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

96 (676) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അളവു-തൂക്ക നിയമം ലംഘിച്ചവർക്കെതിരെ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ആധുനിക ഇലക്ട്രോണിക് വെയിംഗ് മെഷീൻ കച്ചവട സ്ഥാപനങ്ങളിൽ ഉപയോഗിക്കണമെന്ന നിയമം നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ, നിയമഭേദഗതി വരുത്തി ഇത്തരം മെഷീനുകൾ നിർബന്ധിതവും സാർവത്രികവുമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly